ശാസ്ത്രജ്ഞനോടൊപ്പം ഒരുദിനം

കല്ലമ്പലം: മുള്ളറംകോട് ഗവ.എൽ.പി.എസിലെ ശാസ്ത്രരംഗം ക്ലബ്സംഘടിപ്പിച്ച 'ശാസ്ത്രജ്ഞനോടൊപ്പം ഒരുദിനം' പരിപാടിയിൽ റിട്ട. ഐ.എസ്.ആർ.ഒ സയന്റിസ്റ്റ് ശശി.കെ.വെട്ടൂർ ക്ലാസുകൾ നയിച്ചു. കുട്ടികൾക്കായി റോക്കറ്റിന്റെ മാതൃകകൾ പരിചയപ്പെടുത്തി. ഗുരുനാഥനായ എ.പി.ജെ അബ്ദുൾ കലാമിനെക്കുറിച്ചുമുള്ള ഓർമകൾ പങ്കുവച്ചതോടൊപ്പം കുട്ടികളുടെ എക്കാലത്തേയും സുഹൃത്തും വഴികാട്ടിയും പുസ്തകങ്ങളായിരിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി. പി.ടി.എ പ്രസിഡന്റ് കല്ലിടാന്തി ബാബു അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ബിന്ദു സ്വാഗതവും ജയകുമാരി നന്ദിയും പറഞ്ഞു.

രാജുവിന് ജയൻ ഒരു താരം മാത്രമല്ല...

ജിജു പെരുങ്ങുഴി

ചിറയിൻകീഴ്: ജയന്റെവേറിട്ടൊരു അരാധകനാണ് മുട്ടപ്പലം ജയൻ ഭവനിൽ രാജു. മറ്റുള്ള ജയൻ ആരാധകർ അദ്ദേഹം വെള്ളിത്തിരയിൽ അവതരിപ്പിച്ച കഥാപാത്രങ്ങളിൽ ആകൃഷ്ടരായി ആരാധന നടത്തുന്നവരാണെങ്കിൽ രാജുവിനെ സംബന്ധിച്ചിടത്തോളം ജയൻ സിനിമാതാരം എന്നതിനപ്പുറം സ്വന്തം ജീവൻ രക്ഷിച്ച രക്ഷകൻ കൂടിയാണ്. കുട്ടിക്കാലത്ത് അഴൂർ കടവിൽ രാജുവും മാതാവും സഞ്ചരിച്ചിരുന്ന തോണി വെള്ളം കയറി അപകടത്തിൽപ്പെട്ടിരുന്നു. ഈ സമയം കന്യക എന്ന സിനിമയുടെ ഷൂട്ടിംങ് അഴൂർഭഗവതിക്ഷേത്രത്തിന് സമീപം നടക്കുകയായിരുന്നു.

സംഭവം അറിഞ്ഞയുടൻ ജയൻ സൈക്കളിൽ സ്ഥലത്തെത്തി വെള്ളത്തിലേക്ക് ചാടി രാജു അടക്കമുള്ള മുഴുവൻ പേരെയും രക്ഷിച്ചു. അതിലുള്ള നന്ദിയും ഓർമ്മ പുതുക്കലുമാണ് രാജുവിനെ സംബന്ധിച്ചിടത്തോളം ജയന്റെ ജനന-മരണ ദിവസങ്ങൾ. ജയന്റെ 38-ാം ചരമവാർഷിക ദിനത്തിൽ പെരുങ്ങുഴി വി.പി.യു പി സ്കൂൾ & മംഗല കിഡ്സ് പാർക്കിലെ 38 വിദ്യാർത്ഥികൾക്ക് കേരള സർക്കാരിന്റെ ലോട്ടറി നൽകിയാണ് ഇക്കുറി ഇഷ്ടനായകന് സ്മരണാഞ്ജലി അർപ്പിച്ചത്.

ജയന്റെ 38-ാം ചരമവാർഷിക ദിനത്തിൽ പെരുങ്ങുഴി വി.പി.യു.പി സ്കൂൾ ആൻഡ് മംഗല കിഡ്സ് പാർക്കിലെ വിദ്യാർത്ഥികൾക്ക് ജയൻ ആരാധകൻ സ്പോൺസർ ചെയ്ത കേരള സർക്കാരിന്റെ ലോട്ടറി വിതരണോദ്ഘാടനം ദേശീയ ഹിന്ദി അക്കാഡമി സെക്രട്ടറി ആർ.വിജയൻ തമ്പി നിർവഹിക്കുന്നു. ജയൻ ആരാധകൻ രാജു, സ്കൂൾ ഹെഡ്മിസ്ട്രസ് എൻ.പുഷ്പ എന്നിവർ സമീപം.

സ്കൂൾ അങ്കണത്തിൽ കൂടിയ സ്പെഷ്യൽ അസംബ്ലിയിൽ വച്ച് ദേശീയ ഹിന്ദി അക്കാദമി സെക്രട്ടറിയും അധ്യാപകനുമായ ആർ.വിജയൻ തമ്പി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് എൻ. പുഷ്പ, അദ്ധ്യാപകരായ എസ്.മിനി, അരുൺ എന്നിവർ സംസാരിച്ചു. പുതുതലമുറയക്ക് ജയന്റെ നന്മയുടെ സന്ദേശം പകർന്നുനൽകുക എന്നതാണ് തന്റെ ജീവിതലക്ഷ്യമെന്ന് രാജു പറയുന്നു.

വരുമാനത്തിന്റെ ഒരു വിഹിതം പ്രിയതാരത്തിന്റെ ഓർമകൾക്ക്...

ജയന്റെ ജന്മദിനമായിരുന്ന ഇക്കഴിഞ്ഞ ജൂലായ് 25ന് ആയിരത്തോളം പേർക്ക് മധുരങ്ങൾ നൽകിയാണ് രാജു തന്റെ പ്രിയതാരത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചത്.

വീടിന്റെ ക്ലീനിംഗ് ജോലികൾക്കായി പോകുന്ന രാജു തനിക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം മാറ്റിവെച്ചാണ് ജയനോടുള്ള തീർത്താൽ തീരാത്ത കടപ്പാട് കാണിക്കുന്നത്.

വീടിന് ചുറ്റും ജയന്റെ ഫ്ലക്സ് ബോർഡുകൾ നിരത്തി എല്ലാ ദിവസവും സീരിയൽ ബൾബുകൾ കത്തിക്കുന്നുമുണ്ട്. മുട്ടപ്പലത്ത് പായസ വിതരണം നടത്തുന്നതിന് പുറമേ എല്ലാ വർഷവും ജയന്റെ ജന്മദേശവും ശ്മശാന ഭൂമിയുമടക്കം സന്ദർശിക്കാറുണ്ട് ഈ ആരാധകൻ.

ഭിന്നശേഷിക്കാരായവരുടെ കായിക മത്സരം

വിളപ്പിൽ ഭിന്നശേഷിക്കാരുടെ കലാകായിക മേള

മലയിൻകീഴ്: വിളപ്പിൽ ഗ്രാമപഞ്ചായത്ത് സംഗടിപ്പിച്ച ഭിന്നശേഷിക്കാരുടെ കലാകായിക മേള നേമം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വിളപ്പിൽ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ജെ. സുനിതയുടെ അദ്ധ്യക്ഷതയിൽ പേയാട് ഗവ.എൽ.പി സ്കൂളിൽ ചേർന്ന യോഗത്തിൽ വിളപ്പിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. അനിൽകുമാർ മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എ. അസീസ്, പഞ്ചായത്ത് അംഗങ്ങളായ സി.എസ്. അനിൽ, ഷീല, എഡ്വിൻ ജോർജ്ജ്, സെക്രട്ടറി സുനിൽ വി. അബ്ദുസ് എന്നിവർ സംസാരിച്ചു. വിവിധ ഗവ. സ്കൂളുകളിലും ബഡ് സ്കൂളുകളിലും പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ കലാകായിക മത്സരങ്ങളിൽ പങ്കെടുത്തു

സി.പി.എം. ജില്ലാസെക്രട്ടേറിയേറ്റ് അംഗങ്ങൾക്കുള്ള പഠനക്ലാസ് വിളപ്പിൽശാല ഇ.എം.എസ്.അക്കാഡമിയിൽ സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ജനമുന്നേറ്റജാഥയ്ക്ക് സ്വീകരണം നൽകി

മുടപുരം: കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ സി.പി.എം ചിറയിൻകീഴ് മണ്ഡലം കമ്മിറ്റി നടത്തുന്ന ജനമുന്നേറ്റ ജാഥക്ക് അഴൂർ,കിഴവിലം പഞ്ചായത്തുകളിലെ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. സി.പി.എം ജില്ലാ സെക്രട്ടേറിയറ്റ് അംഗം ആർ. രാമു ക്യാപ്റ്റനും ജില്ലാ കമ്മിറ്റി അംഗം ആർ.സുഭാഷ് മാനേജരുമായ ജാഥാ വെള്ളിയാഴ്ച അഴൂർ പഞ്ചായത്തിലെ റെഡ് സ്റ്റാറിൽ നിന്ന് ആരംഭിച്ച് പെരുങ്ങുഴിയിൽ സമാപിച്ചു. സമാപന സമ്മേളനത്തിൽ കയർഫെഡ് ഭരണസമിതി അംഗവും പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ആർ.അജിത്ത് അദ്ധ്യക്ഷനായി. രാജേന്ദ്രൻ സ്വാഗതം പറഞ്ഞു. ജാഥാ ക്യാപ്റ്റൻ ആർ.രാമു, ടാവൻകൂർ കയർ തൊഴിലാളി യൂണിയൻ(സി.ഐ.ടി.യു) ജില്ലാ പ്രസിഡന്റ് ആർ സുഭാഷ്, കയർഫെഡ് ചെയർമാൻ എൻ. സായികുമാർ, സി.പി.എം ഏരിയാ കമ്മിറ്റി അംഗം ആർ. അനിൽ, ലോക്കൽ കമ്മിറ്റി സെക്രട്ടറി ബി.മുരളീധരൻ നായർ, വേങ്ങോട് മധു, വിധീഷ്, ചന്ദ്രബാബു എന്നിവർ സംസാരിച്ചു.

ഇന്നലെ രാവിലെ കിഴവിലം പഞ്ചായത്തിലെ ചെറുവള്ളിമുക്കിൽ നിന്നാരംഭിച്ച ജാഥ പതിനെട്ടാം മൈലിൽ സമാപിച്ചു. ആർ. രാമു, ആർ. സുഭാഷ്, സി.പി.എം മംഗലപുരം ഏരിയാ സെക്രട്ടറി മധുമല്ലശ്ശേരി, ആറ്റിങ്ങൽ ഏരിയാ സെക്രട്ടറി എസ് ലെനിൻ, കയർഫെഡ് ചെയർമാൻ എൻ സായികുമാർ, പി.കെ.എസ് ജില്ലാ പ്രസിഡന്റ് എസ്. സുനിൽകുമാർ, സി.പി.എം ഏരിയാ കമ്മിറ്റി അംഗങ്ങളായ ആർ.അനിൽ, അഞ്ചുതെങ്ങ് സുരേന്ദ്രൻ, പി.മുരളി, ജി.വേണുഗോപാലൻ നായർ, എസ്. ചന്ദ്രൻ, ഡി.വൈ.എഫ്.ഐ ജില്ലാ കമ്മിറ്റി അംഗം എസ്.വിധീഷ്, മംഗലപുരം പഞ്ചായത്ത് പ്രസിഡന്റ് വേങ്ങോട് മധു, ലെനിൻ ലാൽ, ദിദീഷ്, ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരായ കൂടത്തിൽ ഗോപിനാഥൻ, വി.എസ്. വിജുകുമാർ തുടങ്ങിയവർ വിവിധ കേന്ദ്രങ്ങളിൽ സംസാരിച്ചു. നാളെ വൈകിട്ട് ആറിന് അഞ്ചുതെങ്ങ് നെടുങ്ങണ്ടയിൽ ജാഥ സമാപിക്കും.

സി.പി.എം ചിറയിൻകീഴ് മണ്ഡലം കമ്മിറ്റിയുടെ ജനമുന്നേറ്റ ജാഥയ്ക്ക് മുട്ടപ്പലം മാർക്കറ്റ് ജംഗ്ഷനിൽ നൽകിയ സ്വീകരണയോഗത്തിൽ ജാഥാ ക്യാപ്റ്റൻ ആർ.രാമു സംസാരിക്കുന്നു

പുസ്തകപ്രകാശനം

തിരുവനന്തപുരം: എസ്. രാമചന്ദ്രൻ നായരുടെ 'അധിനിവേശകേരളത്തിലെ ഭൂപരിഷ്കരണവും സാമൂഹിക പരിവർത്തനവും' എന്ന പുസ്തകം വി.ജെ.ടി ഹാളിൽ മന്ത്രി ഡോ.കെ.ടി. ജലീൽ പ്രകാശനം ചെയ്തു. കേരള സർവകലാശാല ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് വകുപ്പദ്ധ്യക്ഷ ഡോ. ബി.മി നിദേവി പുസ്തകം ഏറ്റുവാങ്ങി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ അദ്ധ്യക്ഷത വഹിച്ചു. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, എസ്. രാമചന്ദ്രൻ നായർ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. ഷിബു ശ്രീധർ, റിസർച്ച് ഓഫീസർ കെ. ആർ. സരിതകുമാരി എന്നിവർ സംസാരിച്ചു.

ഹയർ സെക്കൻഡറി വകുപ്പിന് കീഴിലുള്ള കരിയർ ഗൈഡൻസ് ആൻഡ് അഡോളസന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട പി.ആർ.വില്യം ഹയർ സെക്കൻഡറി സ്കൂളിൽ കേരളാ ഡിഫറൻഷ്യൽ ആപ്റ്റിറ്റ്യൂട്ട് ടെസ്റ്റിന്റെ സ്കൂൾ തല ഉദ്ഘാടനം വെള്ളനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്.എസ്.അജിതകുമാരി നിർവഹിക്കുന്നു. പി.ടി.എ പ്രസിഡന്റ് മാഹീൻ, പ്രിൻസിപ്പൽ സ്റ്റാൻലോജോൺ, അനുപമ, പ്രസന്നകുമാർ എന്നിവർ സമീപം

ഹെയർഡൊണേഷൻ കാമ്പയിനുമായി വിതുര ഹൈസ്കൂൾ വിദ്യാർത്ഥികൾ

വിതുര: നിർദ്ധനരായ കാൻസർ രോഗികൾക്കുള്ള വിഗ്ഗുകൾ തയ്യാറാക്കുന്നതിന് തലമുടി ദാനം ചെയ്യാനൊരുങ്ങുകയാണ് വിതുര ഗവ.വൊക്കേഷണൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിലെ ഒരു കൂട്ടം വിദ്യാർത്ഥിനികൾ. സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ മാതൃകാപ്രവർത്തനത്തിൽ സീനിയർ കേഡറ്റും പത്താം ക്ലാസ് വിദ്യാർത്ഥിയുമായ നാദിയ.എൻ. അഹമ്മദാണ് ആദ്യമായി തലമുടി ദാനം ചെയ്തത്. കുട്ടികൾ തന്നെ നേതൃത്വം നൽകുന്ന ക്യാമ്പയിനിൽ ഇതിനോടകം നിരവധി വിദ്യാർത്ഥിനികൾ തലമുടി ദാനം ചെയ്യാൻ തയ്യാറായി

ഹെയർഡൊണേഷൻ പദ്ധതിയുടെ ഭാഗമായി വിതുര ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥി നാദിയ.എൻ.മുഹമ്മദ് മുടി മുറിച്ച് നൽകുന്നു

ക്കഴിഞ്ഞു. ഇതിനായി വിദ്യാർത്ഥികൾ തങ്ങളുടെ സമ്മതപത്രം അസംബ്ലിയിൽ വച്ച് ഹെഡ്മിസ്ട്രസ് ജ്യോതിഷ് ജലൻ ഡി.വി.യ്ക്ക് കൈമാറി. തങ്ങളുടെ കൂട്ടുകാരെയും ക്യാമ്പയിനിൽ പങ്കാളികളാക്കുന്നതിനുള്ള പരിശ്രമത്തിലാണ് വിദ്യാർത്ഥികൾ. സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള മറ്റ് സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കും. സേവനപ്രവർത്തനങ്ങളും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തിയതിന് ഈ സ്കൂളിലെ എസ്.പി.സി യൂണിറ്റിന് അനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പി.ടി.എ പ്രസിഡന്റ് കണ്ണങ്കര ഭുവനചന്ദ്രൻ, സ്റ്റാഫ് സെക്രട്ടറി ജി.ബിനുകുമാർ, സീനിയർ അസിസ്റ്റന്റ് പി.സി. പ്രേംജിത്ത്, കമ്മ്യൂണിറ്റി പൊലീസ് ഓഫീസർമാരായ കെ.അൻവർ, ഷീജ വി.എസ്, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർ സമ്മതപത്രം കൈമാറുന്ന ചടങ്ങിൽ പങ്കെടുത്തു.

മയക്കുമരുന്നുമായി യുവാവ് പിടിയിൽ

വർക്കല: സ്കൂട്ടറിൽ ഒളിപ്പിച്ചു കടത്താൻ ശ്രമിച്ച മയക്കുമരുന്നുമായി യുവാവ് പിടിയിൽ. വർക്കല ആലിയിറക്കം സ്വദേശി അനീഷ് (33) ആണ് വർക്കല എക്സൈസ് സംഘത്തിന്റെ പിടിയിലായത്.

നിരോധിത ഇനത്തിൽപെട്ട 40 ഡമഡോൾ കാപ്സ്യൂളുമായാണ് ഇയാൾ പിടിയിലായത്.

വിനോദസഞ്ചാര സീസൺ മുന്നിൽക്കണ്ട് വില്പന നടത്താനായിരുന്നു ശ്രമം.

അഞ്ച് ഗ്രാമിൽകൂടുതൽ കൈവശം വച്ചാൽ 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന 25ഗ്രാം സിന്തറ്റിക് മയക്കുമരുന്നാണ് പിടിച്ചെടുത്തത്.

ജില്ലയിൽ ആദ്യമായാണ് ഈ ഇനത്തിൽ പെട്ട മയക്കുമരുന്ന് പിടികൂടുന്നതെന്ന് എക്സൈസ് ഇൻസ്പെക്ടർ പി.എസ്. സജീവ്കുമാർ പറഞ്ഞു.

പ്രിവന്റീവ് ഓഫീസർമാരായ എം.ഷംസുദ്ദീൻ, എ.ബിജു, സി.ഇ.ഒമാരായ സെബാസ്റ്റ്യൻ, ശ്രീജിത്ത്, പ്രിൻസ്, രാഹുൽ, ദീപ്തി, അനിൽകുമാർ എന്നിവരുൾപ്പെട്ട സംഘമാണ് അറസ്റ്റിന് നേതൃത്വം നൽകിയത്.

പുതിയ തലങ്ങളിലേക്ക് തൊഴിലുറപ്പ്

KAUMUDI SPECIAL

സജിതൻ മുടപുരം

കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലുറപ്പ് തൊഴിലാളികൾ

മുടപുരം: ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിറെയിൽവേയുമായി സഹകരിച്ച് പൂത്തൻ മേഖലകളിലേക്ക് കടക്കുന്നു. കേരളത്തിൽ ആദ്യമായാണ് ഒരു ബ്ലോക്ക് പഞ്ചായത്ത് തൊഴിലുറപ്പ് സാധ്യതകൾ ഇത്തരത്തിൽ പ്രയോജനപ്പെടുത്തുന്നത്. ഇതിന്റെ ഭാഗമായി റെയിൽവേ ഭൂമികളിൽ സംയുക്ത പരിശോധന നടത്തി പദ്ധതികൾക്ക് പ്രാഥമിക രൂപം നൽകി.

പ്രവർത്തനങ്ങൾ രൂപം നൽകുന്നതിനായി ചേർന്ന യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് ഉദ്ഘാടനം ചെയ്തു. ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ അസിസ്റ്റന്റ് ഡിവിഷണൽ എൻജിനിയർ സുരേന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി. രമാഭായി അമ്മ, ഗ്രാമപഞ്ചായത്ത് പ്രസിഡന്മാരായ എസ്. ഡീന, എ. അൻസാർ, കെ. വിലാസിനി, എസ്. വേണുജി, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ അഞ്ചുതെങ്ങ് സുരേന്ദ്രൻ, സി.പി. സുലേഖ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ എസ്. ചന്ദ്രൻ, ഗീതാ സുരേഷ്, സിന്ധുകുമാരി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിഷ്ണു മോഹൻദേവ്, ജോയിന്റ് ബി.ഡി.ഒ രാജീവ്, പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, തൊഴിലുറപ്പ് നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ഡിസംബർ ഒന്നിന് ആരംഭിക്കുന്ന രീതിയിലായിരിക്കും പ്രവർത്തനങ്ങൾക്ക് രൂപീകരിക്കുക.

ആവിഷ്കരിക്കുന്ന പദ്ധതികൾ

- റെയിൽവേയുടെ തുറസായി കിടക്കുന്ന ഭൂമിയിൽ കാർഷിക വൃത്തികൾ
- മണ്ണിടിച്ചിൽ തടയുന്നതിനായി ഭൂവസ്ത്ര വിതാനം
- വെള്ളക്കെട്ട് തടയുന്നതിന് പരിപാലനം
- ലെവൽക്രോസ് റോഡ് നവീകരണം
- റോഡ്- ശുചിമുറി നിർമാണം

KERALA KAUMUDI classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

വില്പനയ്ക്ക്

കുന്നത്തുകാൽ ചാവടിയിൽ നിന്ന് മാണിനാട് പോകുന്ന വഴിയിൽ വീട് വയ്ക്കാൻ അനുയോജ്യമായ 26½ സെന്റും ചിമ്മിനടിയിൽ പോകുന്ന വഴിയിൽ 14½ സെന്റും വില്പനയ്ക്ക്.
8078810845

എഴിപ്പുറം പാരിപ്പള്ളി റോഡിൽ (ബസ്റ്റ്റൂട്ട്, പാരിപ്പള്ളിയിൽ നിന്ന് 2 km) എഴിപ്പുറം ഗുരുമന്ദിരത്തിന് സമീപം 19 സെന്റ്.
9562218380

തിരുവനന്തപുരം മുട്ടട ഗാന്ധിനഗറിൽ 9¼ സെന്റിൽ 3000 Sq.ft. ഇരുനില വീട്. NRI-ക്കാർക്ക് മുൻഗണന.
9633533133, 9895420238.

കാച്ചാണിയിൽ 4-സെന്റ്, രണ്ടുനില വീട്, കാർവഴി.
കാച്ചാണിയിൽ 4 സെന്റ്, ഒരുനില വീട്, ബൈക്ക് വഴി.
7736307997

തിരുവനന്തപുരം വെടിവച്ചാൻകോവിലിൽ 92 സെന്റ് ലോറി സൈറ്റ് മൊത്തമായോ റസിഡൻഷ്യൽ പ്ലോട്ടുകളായോ.
7356724905
9995154855.

കേരള കൗമുദി ആഴ്ചപ്പതിപ്പ്

തോന്നയ്ക്കൽ വേങ്ങോട് മാർക്കറ്റിനു സമീപം 13 സെന്റ് വസ്തു വില്പനയ്ക്ക്.
9447005212

ശ്രീകാര്യം, ഗാന്ധിപുരത്ത് 7½ സെന്റ് വില്പനയ്ക്ക്. 5 laks per cent (മിനി ലോറി പ്ലോട്ട്)
Ph: 7907318184

വർക്കല പേരേറ്റിൽ തോക്കാലക്ഷേത്രത്തിനു സമീപം കുഴിവിളയിൽ 50 സെന്റ് വസ്തു വില്പനയ്ക്ക്.
9895638973

തിരുവനന്തപുരം കഴക്കൂട്ടം ടെക്നോപാർക്കിനോട് ചേർന്ന് ക്രിസ്റ്റൽ ഗ്രൂപ്പിന്റെ 16-ാമത്തെ നിലയിൽ Sea View ഉള്ള 3 BHK furnished new Flat.
9447767668

തിരുവനന്തപുരം ശ്രീകാര്യം ഇടവക്കോട് ചെമ്പക സ്കൂളിന് സമീപം 10 സെന്റ് 2000 Sq.ft. 4 ബെഡ് റൂം വീട്.
+91 9447043130

ആറ്റിങ്ങൽ - ചിറയിൻകീഴ് റൂട്ടിൽ ഐ.സി.ഐ.സി നഗറിൽ 13½ സെന്റ് വില്പനയ്ക്ക്.
9633264769, 9747968995.

തിരുവനന്തപുരം N.H 16, മൊട്ടമൂട് Jn. 50, പെരുമ്പഴുതൂർ 268 + 40 സെന്റ്.
8547290944

ചികിത്സ

ത്വക്രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പശ്രീ ഹോസ്പിറ്റൽ, ത്വക്രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289
2326569.

വീടുകൾ സ്വന്തമാക്കാം

ടെക്നോപാർക്കിന് സമീപം അരശുംമൂടിനും കുന്നിൽ ഹൈഷർമാർക്കറ്റിനും പുറകുവശം 36 ലക്ഷം മുതൽ. 90% ബാങ്ക് ലോൺ. 3, 4, 5, 7 സെന്റുകൾ.
Ph: 8078175931

വില്പനയ്ക്ക്

തിരുവല്ലം ക്രൈസ്റ്റ് നഗർ സ്കൂളിന് സമീപം 5 സെന്റ് സ്ഥലവും ഓടിട്ട വീട്, ശുദ്ധമായ കുടിവെള്ളം കിട്ടുന്ന കിണർ. ബ്രോക്കർ ഇല്ല. 30 ലക്ഷം രൂപ. Phone : 9947446328

കേരളകൗമുദി ആഴ്ചപ്പതിപ്പ് കുട്ടികളുടെ വാർത്ത

Automotive

ബജാജ് പൾസർ 150 (ചുവപ്പ്, 2012 ജൂൺ) വില്പനയ്ക്ക്.
BIJU - 9847542750

വാടകയ്ക്ക്

1250 Sq.ft. Office Space, Near Pattom Jn. 9847143462

New 3 BHK independent house with Car parking, nearest Karakulam Keltron.
9037674427

കടമുറി വാടകയ്ക്ക്

കഴക്കൂട്ടം ജംഗ്ഷനിൽ ഗ്രൗണ്ട് ഫ്ലോറിൽ.
9847449449, 9847443443

തിരുപ്പതി

എല്ലാ വെള്ളിയാഴ്ചയും കാള ഗസ്തി, തിരുവണ്ണാമലൈ, ഗോൾഡൻ ടെമ്പിൾ
മഹാറാണി
7012689234

വിൽപ്പനയ്ക്ക്

വർക്കല വിളബ്ഭാഗം അമ്മൻകോവിൽ റോഡിൽ മെയിൻ റോഡിനുസമീപം ലോറി കയറുന്ന 27 സെന്റ് കരഭൂമി. ഒന്നിച്ചോ പ്ലോട്ടുകളായോ വിൽപ്പനയ്ക്ക്.
ഫോൺ : 8848492127

ആവശ്യമുണ്ട്

വാൻസെയിൽസ് ഫുഡ് M/F, ഫർണിച്ചർ സെയിൽസ് M/F, അപ്ഹോൾസ്റ്ററി ജോലിക്കാർ.
കൊച്ചിൻ ഫർണിച്ചർ
ഇടവ. 9446105034

വീട്ടിൽ താമസിച്ച് വീട്ടുജോലി ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്. പ്രായം 40, 50. കോട്ടയം.
8848585633

വീൽ അലൈൻമെന്റ്

തിരുവനന്തപുരത്തെ പ്രമുഖ സ്ഥാപനത്തിലേക്ക് വീൽ അലൈൻമെന്റ് ടയർ ഫിറ്റർ ടെക്നീഷ്യനെ ആവശ്യമുണ്ട്.
9847060099

ഡിജിറ്റൽ സ്റ്റുഡിയോ

തിരുവനന്തപുരം ജില്ലയിലെ അമ്മൂസ് ഡിജിറ്റൽ സ്റ്റുഡിയോയിലേക്ക് പരിചയസമ്പന്നരായ Accountant, Cashier (Computer knowledge essential), Receptionist, Photographers, Graphic Designers ആവശ്യമുണ്ട്.
9846068642, 9645902221.

കേരളകൗമുദി ആഴ്ചപ്പതിപ്പ് കുട്ടികളുടെ വാർത്ത